# പാഞ്ചജന്യം

## ശ്രീപതി വിശേഷങ്ങൾ

Vol. 1 No. 1 SREEPATHY TRUST OCTOBER 2013

## EDITORIAL

പ്രിയ ശ്രീപതി ട്രസ്റ്റ് അംഗങ്ങളെ!

ശ്രീപതി ട്രസ്റ്റിന്റെയും ശ്രീപതി എഞ്ചിനീയറിംഗ് കോളേജിന്റെയും പ്രവർത്ത നങ്ങൾ യഥാസമയം ട്രസ്റ്റ് അംഗങ്ങൾ അറിയുന്നില്ല എന്ന തിരിച്ചറിവാണ് ഈ പത്രികക്ക് നിമിത്തമായത്. ട്രസ്റ്റിന്റെ അട് ഹോക് കമ്മിറ്റിയിൽ എടുക്കുന്ന പ്രധാനപ്പെട്ട തീരുമാനങ്ങൾ അംഗങ്ങളെ അറിയിക്കുന്നത് നല്ലതായിരിക്കും എന്നും തോന്നി. ഇതു നേരത്തെ ആകാമായിരുന്നു എന്ന അഭിപ്രായവുമുണ്ട്. Better late than never എന്നാണല്ലോ.

ഈ പത്രിക ദ്വൈമാസികയായി ഇറക്കാനാണ് തീരുമാനം. കോളേജിലും ട്രസ്റ്റിലും പ്രവർത്തനങ്ങൾ വർദ്ധിക്കുമ്പോൾ മാസികയാക്കി ഇറക്കാനും പരിപാടി യുണ്ട്. ഇപ്പോൾ ട്രസ്റ്റ് അംഗങ്ങൾക്കിടയിൽ മാത്രം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന "പാഞ്ചജന്യം" ഒരു ന്യൂസ് ലൈർ ആയി വിതരണം ചെയ്യുവാനാണ് മോഹം. ഈ കന്നി സംരംഭത്തിലെ തെറ്റുകുറ്റങ്ങൾ പൊറുക്കുക. നിങ്ങളുടെ വിലയേറിയ അഭി പ്രായങ്ങൾ എഴുതിയോ ഇമെയിൽ ആയോ അറിയിക്കുക. യോഗ്യമായത് പ്രസിദ്ധീകരി ക്കുന്നതാണ്. panchajanyam@simat.ac.in

ശ്രീപതി ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ഇതുവരെ SIMATൽ മാത്രമൊതുങ്ങുന്നതു കൊണ്ട് ഈ പത്രികയിൽ SIMAT ന്റെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് മാത്രമേ കാണൂ.

ശ്രീപതി ട്രസ്റ്റിന്റെ 5 വർഷത്തെപ്രവർത്തനങ്ങൾ ചരിത്രത്തിൽ ഏറ്റവും പ്രശ്നജടിലമായ കാലമായിരുന്നു കഴിഞ്ഞ അധ്യയന വർഷം. നമ്മുടെ ബന്ധുക്കളെന്ന് കരുതിയ ചിലർ സൃഷ്ടിച്ച ആ വൈതരണികൾ മറിക്കടക്കാൻ ട്രസ്റ്റിന്റെ ബഹുഭൂരിഭാഗം അംഗങ്ങളുടെയും സഹായം ഞങ്ങൾക്ക് ലഭിച്ചു. ആ വലിയ ഭൂരിപക്ഷത്തിന്റെ അനുഗ്രഹാ ശിസ്സുകൾ കൊണ്ട് വളരെ നല്ല രീതിയിൽ SIMAT ന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞു എന്നതിൽ ഞങ്ങൾ കൃതാർത്ഥരാണ്.

അഞ്ചാം വർഷത്തിലേക്ക് കടക്കുന്ന SIMAT കോളേജ് ഒരു കുതിച്ചുചാട്ടത്തിന്റെ വക്കിലാണിന്ന്. ആദ്യ ബാച്ച് വിദ്യാർത്ഥികൾ കോഴ്സ് കഴിഞ്ഞ് ഉജ്ജ്വല വിജയവുമായി പുറത്തിറങ്ങികഴിഞ്ഞു. അവരാണിനി SIMAT ന്റെ പതാകവാഹകർ.

ശ്രീപതി ട്രസ്റ്റിന്റെ പ്രവർത്തനങ്ങളിൽ ഞങ്ങളോട് സഹകരിച്ച എല്ലാ ട്രസ്റ്റ് അംഗങ്ങ ളോടും ട്രസ്റ്റിന്റെ മറ്റു ബന്ധുക്കളോടുമുള്ള ഞങ്ങളുടെ കൃതജ്ഞത സീമാതീതമാണ്. നിങ്ങളുടെ നിർലോഭമായ സഹകരണമില്ലാതെ ഇത്രയും സാധ്യമാകില്ലായിരുന്നു. നന്ദി, എല്ലാവർക്കും! നിങ്ങളുടെ ഈ സഹകരണമാണ്; സഹകരണം മാത്രമാണ് ഞങ്ങളുടെ ഊർജ്ജം !!

ഈ പത്രികയുടെ നിർമ്മാണത്തിൽ എന്നോടൊപ്പം പ്രവർത്തിച്ച ശ്രീപതി ട്രസ്റ്റ് ഡയറക്ടർ ശ്രീ. എം. ആർ. അജിതനും, ഇതിനുവേണ്ടി മാറ്റർ സ്വരൂപിച്ചു തന്ന പ്രിൻസിപ്പാൾ ഡോ. സുബ്രഹ്മണ്യനും എന്റെ പ്രത്യേക നന്ദി. ഏവരുടെയും സമ്മതത്തോടെ ഈ പത്രിക നിങ്ങൾക്കുമുന്നിൽ സമർപ്പിക്കുന്നു.

Jayan Pakaravoor
Secretary
Sreepathy Trust

# From the desk of PRINCIPAL

Ever since I heard of Sreepathy Institute of Management & Technology under Sreepathy Trust, I had an intension to get associated with it. When I got an invitation to join the college as Principal, I whole heartedly accepted it.

One year after joining, I feel extremely comfortable and satisfied with the way trust is developing the college. The main issue with most of the self financing institutes is the lack of proper attitude from the management, but Sreepathy College is blessed to have a group of people at the top management who are committed for the growth of the college and showing the right attitude for creating an excellent conducive atmosphere for the staff and students to perform.

I take this opportunity to appreciate the efforts of the Sreepathy Trustees for their contributions to the cause of technical education.

I am confident that Sreepathy will grow to a top class Engineering College in the near future which will be one among the most sought after Engineering Colleges in Kerala for students & Parents.

I am extremely happy to know that, the trust is planning to circulate a news letter **"PAANCHAJANYAM"** show casing the activities and events of the trust. This will be a treasure for the people to follow in future.

My best wishes for the success of this effort.

Dr. S.P. Subramanian
**Principal, SIMAT**

## ചെയർമാന്റെ വാക്കുകൾ

അംഗങ്ങൾ കൂടുതലുള്ള ഏതൊരു കൂട്ടായ്മക്കും അവശ്യം വേണ്ട കാര്യമാണ് ഒരു വാർത്താ പത്രിക. എന്തെല്ലാം ഇവിടെ നടക്കുന്നു, എന്താണിനി നടക്കാൻ പോകുന്നത് എന്നെല്ലാം അറിയാനുള്ള ട്രസ്റ്റ് അംഗങ്ങളുടെ ഒരവകാശം തന്നെയാണ് ഈ **പാഞ്ചജന്യം.** തുടങ്ങാൻ വൈകി എന്ന ഖേദചിന്തയല്ലാ, മറിച്ച് ഇപ്പോഴെങ്കിലും തുടങ്ങാനായല്ലോ എന്ന പോസിറ്റീവ് ചിന്ത തന്നെയാണ് ഉചിതം. ഇതിന്റെ ശില്പികൾക്ക് അഭിനന്ദനങ്ങൾ. നാൾക്കുനാൾ കെട്ടിലും മട്ടിലും ഭാവത്തിലും മാറ്റങ്ങൾ ഉൾക്കൊള്ളി ച്ചുകൊണ്ട് ഒരു മാതൃകാപത്രികയായി കൃത്യമായി വൃത്തിയായി പുറത്തിറങ്ങട്ടെ യെന്ന് ആശംസിച്ചുകൊണ്ട്,

**പാണക്കാട് ശങ്കരൻ നമ്പൂതിരിപ്പാട്**
**ചെയർമാൻ**

## MESSAGE FROM DIRECTOR (ACADEMIC)

Dear Trust Members

It is difficult to believe that 4 years have passed (since our inception) so fast. The first batch of the students has come out with flying colours and our acceptability and preference (during recent option for admissions) has increased considerably leaving behind many other colleges, which started along with us , after us and even many which started years before us.The main reasons behind this success are the dedication and sincerity of the principal and the staff members.

SIMAT is one of the very few colleges where an academic council consisting of eminent academicians like Dr. K. B.M. Nambudiripad, Prof Ajith Raja, etc... meets every month and gives valuable inputs to the principal. Some recommendations like provision of Question bank, Mid term course correction, special classes for weak students after college hours, micro teaching for teachers, Scholarships for meritorious students, etc..

➲ Page 2

## MESSAGE FROM DIRECTOR (ACADEMIC)

have been very well received by the students and the parents.

This is time to rejoice but not to relax! Let us all put our head and soul together for making SIMAT one among the best 10 self financing engineering colleges in Kerala.

"May Lord SREEPATHY bless us all"

K. B. Brahmadathan

## ഉദാത്ത മാതൃക




**Dr. George C.T. hand over the fund to Mrs. Sherly George**

സിമാറ്റിന്റെ തുടക്കം മുതൽ നമ്മോടൊപ്പമുണ്ടായിരുന്ന ശ്രീ ജോർജ്, ഡ്രൈവർ, 28-09-2013ന് അന്തരിച്ചു. പിന്നീട് സിമാറ്റിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും മാനേജ്മെന്റിന്റെയും സംഭാവന യായി പിരിച്ചെടുത്ത 1,37,130 രൂപ പരേതന്റെ പത്നി ശ്രീമതി ഷെർലി ജോർജിന് കൈമാറി. ഇതുകൂടാതെ ശ്രീമതി ഷെർലി ജോർജിന് സിമാറ്റ് കോളേജിൽ ജോലിയും നൽകി. അവർ ഇപ്പോൾ സിമാറ്റിലെ ഓഫീസിലെ ജീവനക്കാരിയാണ്.

### സിമാറ്റിൽ ഇപ്പോൾ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ:

1. C Block ന്റെ തട്ടിൻപുറത്ത് ഷീറ്റ് മേയൽ പൂർത്തിയായി. രണ്ട് ഡ്രോയിംഗ് ഹാളുകളും രണ്ട് സെമിനാർ ഹാളുകളും പണിയാനാണ് ഉദ്ദേശം.
2. കാന്റീനിലെ ബയോഗ്യാസ് പ്ലാന്റ് പണി കഴിഞ്ഞു.
3. കാന്റീനിനരുകിൽ ഖര മാലിന്യ സംസ്ക്കരണ പ്ലാന്റ് പണികഴിഞ്ഞു.
4. പാർക്കിംഗ് ഷെഡ് പണി ഉടൻ തുടങ്ങും.
5. B Block ന്റെ പോർച്ചിനു മുകളിൽ പണിചെയ്യുന്ന പരീക്ഷാകേന്ദ്രത്തിന്റെ പണി പുരോഗമിക്കുന്നു.
6. ഇപ്പോൾ പുതുതായി വാങ്ങിയ സ്ഥലത്ത് 6000ത്തോളം സ്ക്വയർ മീറ്റർ സ്ഥലത്ത് കെട്ടിടം പണിക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി. ഈ കെട്ടിടത്തിന്റെ ഉദ്ദേശങ്ങൾ ഇവയാണ്.
   Basement : തെർമൽ ലാബ് + മെക്ക് വർക്ക് ഷോപ്പ്
   Ground floor : CAD lab + instrumentation lab First & Second floor: ലൈബ്രറി + class rooms
7. സിമാറ്റ് കാമ്പസിനകത്ത് നിർമിക്കുന്ന ഗ്രൗണ്ടിന്റെ പണി ഏതാണ്ട് പൂർത്തിയായി.

## സർഗോത്സവം

2012-13ലെ സിമാറ്റിലെ കലോത്സവം (സർഗോത്സവം) ജൂലൈ 19, 20 തിയ്യതികളിൽ ആഘോഷിച്ചു. പ്രശസ്ത പിന്നണി ഗായകൻ ശ്രീ മധുബാലകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു ഉദ്ഘാടന വേളയിൽ ട്രസ്റ്റ് ചെർമാൻ ശ്രീ. പാണക്കാട് .......... അദ്ധ്യക്ഷനായിരുന്നു. ഉദ്ഘാടന ശേഷം വിവിധ കലാമത്സരങ്ങൾ അരങ്ങേറി. വിധിനിർണ്ണയത്തിനായി പുറമെ നിന്ന് കലാകാരന്മാർ സന്നിഹിതരായിരുന്നു.



**SARGOTSAVAM - Chief Guests on stage with SIMAT officials**



**SARGOTSAVAM - Students perform a group event**

## ടെക്നോ ഫെസ്റ്റ് 2013 (പാഞ്ചജന്യം)

സിമാറ്റ് കോളേജിൽ ആദ്യമായി നടത്തിയ ടെക്നോ ഫെസ്റ്റ് പ്രദർശനശാലകളുടെ വൈവിധ്യം കൊണ്ടും കാണികളുടെ ബാഹുല്യം കൊണ്ടും ശ്രദ്ധേയമായി. 2013 മാസം തിയ്യതികളിൽ നടന്ന ശാസ്ത്ര സാങ്കേതിക മേള I.S.R.O ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. രത്നകർ റാവു ഉദ്ഘാടനം ചെയ്തു. I.S.R.O, K.S.R.T.C, K.S.E.B, തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ പവലിയനുകൾ ഈ മേളയുടെ ആകർഷണങ്ങൾ ആയിരുന്നു. സമീപപ്രദേശങ്ങളിലെ സ്കൂളുകളിൽ നിന്ന് 2000ത്തോളം വരുന്ന വിദ്യാർത്ഥികൾ മേള സന്ദർശിച്ചു. ഈ സമ്മേളനം ഒരു വമ്പിച്ച വിജയമായിരുന്നു.



**PAANCHAJANYA - ISRO Deputy Director Inaugurating the Tech Fest.**

## ബ്ലഡ് ഡൊണേഷൻ ക്യാമ്പ്

IMA Blood Bank മെഡിക്കൽ ഓഫീസർ ഡോ. എസ്. എം. ബാലഗോപാലന്റെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ 100 ഓളം വിദ്യാർത്ഥികൾ തങ്ങളുടെ രക്തം ദാനം ചെയ്തു. സിമാറ്റ് കോളേജിന്റെ സാമൂഹ്യ പ്രതിബദ്ധത വിളിച്ചറിയിച്ചു കൊണ്ട് കോളേജിലെ NSS യൂണിറ്റിന്റെയും IMA യുടെയും സംയുക്താഭിമുഖ്യത്തിൽ 12-10-12ന് കോളേജിൽ വെച്ച് ബ്ലഡ് ഡൊണേഷൻ ക്യാമ്പ് നടന്നു.




**NSS - Blood Donation Camp**

## യൂണിവേഴ്സിറ്റി കലോത്സവം

ചിറ്റൂർ ഗവൺമെന്റ് കോളേജിൽ 2013 ജനുവരി 9 മുതൽ 13 വരെ നടന്ന കോഴിക്കോട് സർവകലാശാല ഡിസോൺ കലോൽസവത്തിൽ സിമാറ്റിൽ നിന്ന് 40ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു എഞ്ചിനീയറിംഗ് പഠനത്തിന്റെ കാഠിന്യത്തിനിടയിലും വളരെ നല്ല പ്രകടനം കാഴ്ചവെക്കാൻ അവർക്ക് കഴിഞ്ഞു.

2012-16 ബാച്ചിലെ സുനിത് കെ. കെ., പുനിത് കെ. കെ. ഓയിൽ പെയിന്റിങ്ങ് ആന്റ് ഡ്രോയിങ്ങ് മത്സരത്തിൽ രണ്ടാം സ്ഥാനവും വരും വർഷങ്ങളിൽ കൂടുതൽ മികവ് നമുക്ക് പ്രതീക്ഷിക്കാം.




**Staff Day & SIMAT Staff Club Inauguration**



**PAANCHAJANYA - ISRO Pavillion is being inaugurated by Dr. N Ratnakara Rao**

### നോട്ടീസ് നൽകി.

28-10-12ന് ചേർന്ന അസാധാരണ പൊതുയോഗത്തിൽ രൂപീകരിച്ച അഡ്ഹോക് കമ്മിറ്റിയിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് മുൻ സെക്രട്ടറി ശ്രീ. മധുഹോരക്കാടിനെതിരെ ആരോപിതമായ സാമ്പത്തിക തിരിമറികളെക്കുറിച്ച ന്വേഷിക്കുന്ന തിനായി ഒരു കമ്മീഷൻ രൂപീകരിച്ചിരുന്നു. നമ്മുടെ മെമ്പർമാരായ ശ്രീ. വി. ശ്രീധരൻ (റിട്ട. ഡെപ്യൂട്ടി ഡയറക്ടർ, ഫിനാൻസ്, ഇ. എസ്. ഐ) ചെയർമാനായും ശ്രീ. സി. കെ. വാസുദേവൻ (സി. എ.), ശ്രീ. പി. വി. രാജൻ, ഡോ. ത്രിവിക്രമൻ തുടങ്ങിയവർ മെമ്പർ മാരായും രൂപീകരിച്ച കമ്മീഷൻ അവരുടെ റിപ്പോർട്ട് ചെയർമാന് കൈമാറി. ശ്രീ. മധു ഹോരക്കാടിനെതിരായി ഗുരുതരമായ സാമ്പത്തിക തിരിമറികൾ ആരോപിക്കുന്ന തായിരുന്നു റിപ്പോർട്ട്. ഇതേ തുടർന്ന് ശ്രീ. മധു ഹോരക്കാടിന് കാരണം കാണിക്കൽ നോട്ടീസ് നൽകി.

### എക്കൗണ്ട് മരവിപ്പിച്ചത് പിൻവലിച്ചു.

മുൻ സെക്രട്ടറിയുടെ എഴുത്തു പ്രകാരം മരവിപ്പിച്ച ബാങ്ക് എക്കൗണ്ടുകൾ ബാങ്കുകൾക്ക് നിജസ്ഥിതി ബോധ്യമായതിനെ തുടർന്ന് പിൻവലിച്ചു. നിയമപരമായ ഭവിഷ്യത്തുകളുണ്ടാകുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ട് ബാങ്കുകൾക്ക് എഴുത്തയക്കൽ ഈ മാന്യദേഹം ഇപ്പോഴും തുടരുകയാണ്. ഇതുമൂലം ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് ചില പ്രശ്നങ്ങളുണ്ടായിരുന്നു. എന്നാൽ സത്യം ബോധ്യമായതിനെ തുടർന്ന് പ്രശ്നങ്ങളെല്ലാം അവസാനി ച്ചിരിക്കുന്നു.

### സമ്മാനങ്ങൾ നേടി

- മദ്രാസ് ഐ ഐ ടി യുടെയും ആപ്സ് ബസിന്റെയും (AppsBuzz.) സംയുക്താഭിമുഖ്യത്തിൽ ജനുവരി 2013ൽ നടന്ന android application development championship ൽ സിമാറ്റിലെ 2009-13, ൽ S6 ബാച്ചിലെ മാനോജ്കുമാർ. എം. പി. രണ്ടാം സ്ഥാനം നേടി.
- James Reji P, Mithun K, Hirosh Johnson (2009-13 EEE students) എന്നീ വിദ്യാർത്ഥികൾ വിദ്യ അക്കാദമിയിൽ നടന്ന അക്ഷയ് അഗ്നി പ്രോജക്ടിൽ മൂന്നാം സമ്മാനം നേടി.
- നദീർ മോൻ. പി, 2011-15 ബാച്ച് M E സ്റ്റുഡണ്ട്, KMCT കോളേജ് നടത്തിയ കർമ 2013 ടെക് ഫെസ്റ്റിൽ മിസ്റ്റർ ടർണർ മത്സരത്തിൽ ഒന്നാം സമ്മാനം നേടി.
- നദീർ മോൻ. പി, 2011-15 ബാച്ച് M E സ്റ്റുഡണ്ട്, കുസാറ്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് നടത്തിയ ടെക്ഫെസ്റ്റ്, ധിഷണ 13ൽ ലയിത്ത് മാസ്റ്റർ ഇവെന്റിൽ ഒന്നാം സമ്മാനം

### ഉദ്ഘാടനം

'ARMS' എന്ന വെരി മെക്കാനിക്കൽ വിദ്യാർത്ഥികളുടെ അസോസിയേഷൻ 18-10-12ന് വിദ്യാഅക്കാദമിയിലെ HOD Dr. ശശിധരൻ ശ്രീധരൻ ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന ശില്പശാലയിൽ ബസ് ബോഡി നിർമ്മാണത്തിനൊരാമുഖം എന്ന വിഷയത്തിൽ Mr. രാജേഷ്, ഡയറക്ടർ ഷില്ലിബീർ ക്ലാസെടുത്തു.

# ഉജ്ജ്വല വിജയവുമായി ശ്രീപതി

അടുത്തകാലത്ത് തുടങ്ങിയ കോളേജുകളിൽ ശ്രീപതി മുൻ നിരയിലാണെന്ന് ഏവർക്കും അറിയാവുന്നതാണല്ലോ. വാക്കിൽ മാത്രമല്ല പ്രവൃത്തിയിലും അങ്ങനെത്തന്നെയാണെന്ന് റിസൾട്ടുകൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ വർഷം കേരള ത്തിലെ ഏറ്റവും കൂടുതൽ അഡ്മിഷനുള്ള കോളേജു കളിൽ ഒന്നാണ് ശ്രീപതി. ഇത് നമ്മുടെ കോളേജിന്റെ ജനസമ്മതി തന്നെയാണ് സൂചിപ്പിക്കുന്നത്. ഇതിന് നമ്മെ അർഹരാക്കിയ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കാതെ വയ്യ.

Consolidated University Results of all the Semesters in each dept. so far declared

| No | Dept | Yr of Admn | % of Results | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | S1-S2 | S3 | S4 | S5 | S6 | S7 | S8 |
| 1 | CE | 2009 | 29 | 37 | 49 | 37 | 46 | 62 | 79 |
| 2 | CE | 2010 | 51 | 58 | 39 | 51 | | | |
| 3 | CE | 2011 | 26 | 73 | | | | | |
| 4 | CSE | 2009 | 36 | 46 | 50 | 34 | 57 | 96 | 96 |
| 5 | CSE | 2010 | 57 | 30 | 33 | 61 | | | |
| 6 | CSE | 2011 | 28 | 69 | | | | | |
| 7 | ECE | 2009 | 35 | 49 | 55 | 60 | 66 | 65 | 91 |
| 8 | ECE | 2010 | 62 | 42 | 64 | 77 | | | |
| 9 | ECE | 2011 | 41 | 70 | | | | | |
| 10 | EEE | 2009 | 44 | 43 | 49 | 48 | 63 | 66 | 75 |
| 11 | EEE | 2010 | 54 | 51 | 51 | 48 | | | |
| 12 | EEE | 2011 | 10 | 39 | | | | | |
| 13 | ME | 2011 | 16 | 58 | | | | | |

**The most encouraging result is the S7 result of the 2009-13 batch students which is top in the University (96%)**

# ബിൽഡിങ്ങ് കോംപ്ലക്സിന്റെഉദ്ഘാടനം




College Building Inauguration by Hon. Home Minister . Shri. Thiruvanchoor Radhakrishnan

സിമാറ്റ് ബിൽഡിങ്ങ് കോംപ്ലക്സിന്റെ ഉദ്ഘാടനം 16-8-12ന് ബഹു ആഭ്യന്തരമന്ത്രി ശ്രീ. തിരുവഞ്ചിയൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു. അന്നുതന്നെ സിമാറ്റ് ഡിജിറ്റൽ ലൈബ്രറിയുടെ ഉദ്ഘാടനം Adv. വി. ടി. ബൽറാം എം. എൽ. എ. നിർവ്വഹിച്ചു.



College Building Inauguration

### സ്നേഹസംഗമം

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ കൂറ്റനാട് യൂണിറ്റിന്റെ പ്രവർത്തനങ്ങളെ അനുമോദിക്കുവാനായി രോഗികളുടെയും, ഡോക്ടർമാരുടെയും, സന്നദ്ധസംഘടനാ പ്രവർത്തകരുടെയും പൊതുജനാരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെയും ഒരു യോഗം, സ്നേഹസംഗമം, പെരിങ്ങോട് പി. എച്ച്. സി. യുടെ ആഭിമുഖ്യത്തിൽ പെരിങ്ങോട്ട് ചേർന്നു. ഇരുനൂറോളം വരുന്ന രോഗികൾക്ക് സാന്ത്വനമായി പ്രവർത്തിക്കുന്ന കൂറ്റനാട് യൂണിറ്റിന് കേരള സർക്കാരിൽ നിന്ന് 3 ലക്ഷം രൂപ പാരിതോഷികമായി ലഭിച്ചിരുന്നു. സിമാറ്റ് കോളേജിലെ യൂണിറ്റിലെ വളണ്ടിയർമാരും പ്രോഗ്രാം ഓഫീസർമാരും ഈ മീറ്റിംഗ്ന്റെ നടത്തിപ്പിൽ മുഴുവൻ സമയ പ്രവർത്തകരായിരുന്നു.



Dr. N. Gopalakrishnan between his speech



M POWER WORKSHOP - Principal's address to the Student, Mr. Krishnakumar - The co-ordinator on the stage.



NSS - Inaugurated by Mr. Narayanan K N - HOD - ME



INCEPTION - College Magazine Published to Mr. Madhu Horakkad by the Principal



PAANCHAJANYA - Students infront of the exhibition model.



IEEE Awareness program



SAARANG - Talent Hunt for S1-S2 students - Between the Prayer



ARMS - Mech Student's Association, guest Mr. Rajesh Ligting the Lamps while the Chief Guest Dr. Sasidharan Sreedharan (HOD - EEE - Vidya Academy) watching



Sh.Shantakumaran.R Dy.Director, Department of Industries &commerce conducting the session.



SARGOTSAVAM - Students perform a group event



SARGOTSAVAM - Chief guest Madhubalakrishnan Inaugurating the function



SARGOTSAVAM Welcome Dance by SIMAT DANCE TROUP - 1

Inter Collegiate C Zone Volleyball Tournament 24-9-2013 മുതൽ നമ്മുടെ കോളേജിൽ നടന്നു. 15–ഓളം കോളേജുകൾ പങ്കെടുത്തു.



ഈ വർഷത്തെ ഓണാഘോഷം വിപുലമായ പരിപാടികളോടെ 2013 സെപ്തംബർ 11–ാം തിയ്യതി ബുധനാഴ്ച കോളേജിൽ വെച്ച് ആഘോഷിച്ചു. കലാപരിപാടികൾ അമൃത ടി. വി. റെക്കോഡ് ചെയ്യുകയും 13–ാം തിയ്യതി ടെലികാസ്റ്റ് ചെയ്യുകയും ചെയ്തു.





